പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4923 — 01.07.2013-ൽ മറുപടിക്ക്

## കാലവർഷക്കെടുതിയും, കടലാക്രമണവും മൂലം മത്സ്യതൊഴിലാളികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി.എസ്.ജയലാൽ | - | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാലവർഷക്കെടുതിയും, കടലാക്രമണവും മൂലം തീരദേശ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിലേക്ക് അടിയന്തിരമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; | (എ) | കാലവർഷക്കെടുതി മൂലം തീരദേശ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിന് റവന്യൂ വകുപ്പാണ് നടപടിയെടുക്കുന്നത്. ബോട്ട്, വള്ളം, വല എന്നിവ പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് പരമാവധി 7500/- രൂപയും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 2500/- രൂപയും റവന്യൂ വകുപ്പ് നൽകിവരുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം പഞ്ഞ മാസത്തിൽ 1800/- രൂപ ധനസഹായം നൽകി വരുന്നു. കൂടാതെ സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരം 1350/- രൂപ പഞ്ഞമാസങ്ങളായ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ നൽകി വരുന്നു. അഞ്ച് മറൈൻ ഫിഷറീസ് സ്റ്റേഷൻ വഴി മറൈൻ എൻഫോഴ്സ്മെന്റ് അപകടത്തിൽപ്പെടുന്ന ബോട്ടുകളെ രക്ഷപ്പെടുത്തി കരയിലെത്തിക്കുന്നു. ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള കാലയളവിൽ മത്സ്യത്തൊഴിലാളി മേഖലയിൽ സൗജന്യറേഷൻ നൽകിവരുന്നു. |
| (ബി) | ഓരോ ജില്ലയിലും ഇതിനായി പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അത് ഏത് ഉദ്യോഗസ്ഥനാണെന്ന് അറിയിക്കാമോ ; | (ബി) | ഫിഷറീസ് വകുപ്പിൽ നിന്നും ഈ ആവശ്യത്തിനായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. |
| (സി) | ഈ വർഷത്തെ കടലാക്രമണത്തിൽ കൊല്ലം ജില്ലയിൽ എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന വിവരം ശേഖരിച്ചുവോ; വിശദാംശം അറിയിക്കാമോ ? | (സി) | ഈ വർഷത്തെ കടലാക്രമണത്തിൽ കൊല്ലം ജില്ലയിൽ 6,40,000/- രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് (മത്സ്യബന്ധന വള്ളം 2 എണ്ണം 25000/, 15000/- രൂപ വീതവും മത്സ്യബന്ധന ബോട്ട് 6 ലക്ഷം രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.) |

സെക്ഷൻ ഓഫീസർ